ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1000

# സൂറ - 30 / അർറൂം

## സൂക്തം: 43 - 51

ഖുർആൻ പരലോകം സ്ഥാപിക്കുന്നത് അനിഷേധ്യമായ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. നിഷേധിക്കുന്നവർക്കാകട്ടെ ഒരു തെളിവുമില്ല. തങ്ങളുടെ ഇന്ദ്രിയങ്ങൾക്ക് വിധേയമാകുന്നില്ല എന്നതു മാത്രമാണവരുടെ ന്യായം. ഒരു കാര്യത്തെ സംബന്ധിച്ച അജ്ഞത ഒരിക്കലും അതില്ല എന്നതിനു തെളിവാകുന്നില്ല. ആളുകളെ നിത്യനരകം ഭയപ്പെടുത്തി വശത്താക്കാനുള്ള ഒരു തന്ത്രമാണ് പരലോക വിശ്വാസം എന്നാണവരുടെ വിചാരം. എന്നാൽ ഉയിർത്തെഴുന്നേൽപ് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ താൽപര്യമാണെന്നും അതിന്റെ യഥാർഥ ലക്ഷ്യം സത്യധർമങ്ങൾ അനുസരിച്ച് ഭൗതികജീവിതം നയിച്ചവർക്ക് അർഹിക്കുന്ന കർമഫലം നൽകുകയാണെന്നും ഖുർആൻ പലമട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

فَأَقِمْ وَجْهَكَ لِلدِّينِ الْقَيِّمِ مِن قَبْلِ أَن يَأْتِيَ يَوْمٌ لَّا مَرَدَّ لَهُ مِنَ اللَّهِ يَوْمَئِذٍ يَصَّدَّعُونَ ﴿٤٣﴾

43. ആകയാൽ പ്രവാചകൻ ഋജുവായ ഈ ദീനിലേക്കു മാത്രം ഉന്മുഖനായിരിക്കുക; അല്ലാഹുവിങ്കൽനിന്ന് തട്ടിക്കളയാനാവാത്ത ആ ദിനം വന്നെത്തും മുമ്പ്. അന്നാളിൽ ജനം തമ്മിൽ പിളർന്നു വേർപിരിഞ്ഞുപോകുന്നതാകുന്നു.

**43**

فَأَقِمْ وَجْهَكَ = ആകയാൽ നിന്റെ മുഖത്തെ നിലനിർത്തുക (നീ ഉന്മുഖനായിരിക്കുക)

لِلدِّينِ الْقَيِّمِ = ഋജുവായ ഈ ദീനിലേക്ക് (മാത്രം) مِن قَبْلِ أَن يَأْتِيَ = വന്നെത്തും മുമ്പായി يَوْمٌ = ഒരു നാൾ

لَّا مَرَدَّ لَهُ = അതിനു തള്ളിക്കളയലില്ല (തട്ടിമാറ്റാനാവാത്ത) مِنَ اللَّهِ = അല്ലാഹുവിങ്കൽനിന്ന്

يَوْمَئِذٍ = അന്നാളിൽ يَصَّدَّعُونَ = അവർ പിളരു(ജനം തമ്മിൽ പിളർന്ന് വേർപിരിഞ്ഞുപോകു)ന്നതാകുന്നു

أَقِمْ وَجْهَكَ لِلدِّينِ- الدين الْقَيِّم എന്നീ വാക്യങ്ങളുടെ ആശയം നേരത്തേ 30-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിരിക്കുന്നു. ردّ (തിരിച്ചടി, മടക്കൽ, തട്ടിക്കളയൽ)-ന്റെ മറ്റൊരു രൂപമാണ് مردّ. വ്യാകരണ ഭാഷയിൽ ഇതിന് مصدر ميمي എന്നു പറയും. يَوْمٌ لَّا مَرَدَّ لَهُ مِنَ اللَّهِ അല്ലാഹുവിൽനിന്ന് തട്ടിമാറ്റാൻ ആരാലും സാധ്യമല്ലാത്ത മഹാദിനം അഥവാ അന്ത്യനാൾ ആണ്. يَصَّدَّعُونَ-ന്റെ അസൽ രൂപം يَتَصَدَّعُونَ ആണ്. രണ്ടാമത്തെ അക്ഷരമായ تَ-നെ മൂന്നാമത്തെ അക്ഷരമായ صَ-ൽ ലയിപ്പിച്ച രൂപമാണ് يَصَّدَّعُونَ. പൊട്ടലും പിളരലും വേർപെടലുമൊക്കെയാണ് تَصَدَّعَ. വേർതിരിയുക, ചിതറുക എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 14-ാം സൂക്തത്തിൽ يَوْمَئِذٍ يَتَفَرَّقُونَ എന്നു പ്രസ്താവിച്ചിട്ടുള്ളതിന്റെ മറ്റൊരു ഭാഷ്യമാണിത്.

അല്ലാഹു പ്രവാചകനോട് കൽപിക്കുകയാണ്: സത്യവിരോധികളും ധർമധിക്കാരികളുമായ ആളുകൾ മേൽ പറഞ്ഞ ഉപദേശങ്ങളും ഉദ്ബോധനങ്ങളും കേൾക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ താങ്കളും വിശ്വാസികളും അല്ലാഹു അരുളിയ ഋജുവായ ഈ പ്രകൃതിദീനിനെ സർവാത്മനാ ഉൾക്കൊള്ളുകയും അനുസരിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടു പോവുക. അന്ത്യനാളിനെ അഭിമുഖീകരിക്കേണ്ടതുണ്ടെന്ന വിചാരം സദാ ഉണ്ടായിരിക്കണം. അന്ത്യനാൾ അല്ലാഹു ഇഛിക്കുന്ന ഏതു നിമിഷവും സമാഗതമാകാം. അതു വന്നെത്തും മുമ്പേ നിങ്ങൾ സമ്പൂർണമായി ദൈവിക ധർമത്തിൽ നിലകൊള്ളുന്നവരായിത്തീരണം. അല്ലാഹുവിങ്കൽനിന്നുണ്ടാകുന്നതാണ് അന്ത്യദിനം. അതിന്റെ ആഗമനം തടഞ്ഞു നിർത്താനോ വഴിതിരിച്ചുവിടാനോ ആരാലും സാധ്യമല്ലെന്നറിഞ്ഞിരിക്കുക. ഇന്ന് നിങ്ങൾ കരുത്തായി കരുതുന്ന നേതാക്കളോ ശിപാർശകരോ ബന്ധുക്കളോ സംഘടനയോ ഒന്നും അന്ന് ഒട്ടും പ്രയോജനം ചെയ്യില്ല. എല്ലാവരും എല്ലാവരിൽനിന്നും വേർപെട്ട് അകപ്പെടുന്ന ദിനമാണത്. അന്ന് നിങ്ങളുടെ കാര്യം നോക്കാൻ നിങ്ങൾ മാത്രമേ ഉണ്ടാകൂ. ●

44. സത്യധർമങ്ങൾ നിഷേധിച്ചവന്റെ നിഷേധം അവനെതിരായിത്തന്നെയാകുന്നു. സൽക്കർമങ്ങളനുഷ്ഠിക്കുന്നവരോ, തങ്ങൾക്കുവേണ്ടിത്തന്നെ ശോഭന ഭവനം ഒരുക്കിക്കൊണ്ടിരിക്കുകയാകുന്നു.

مَن كَفَرَ فَعَلَيْهِ كُفْرُهُۥ ۖ وَمَنْ عَمِلَ صَالِحًا فَلِأَنفُسِهِمْ يَمْهَدُونَ ﴿٤٤﴾

45. സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കർമഫലമരുളുന്നതിനു വേണ്ടിയാകുന്നു ഈ നാൾ സംഭവിക്കുന്നത്. നിശ്ചയം, സത്യധർമങ്ങൾ നിഷേധിച്ചു വാണവരെ അല്ലാഹു സ്നേഹിക്കുന്നില്ല.

لِيَجْزِيَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِن فَضْلِهِۦٓ ۚ إِنَّهُۥ لَا يُحِبُّ الْكَافِرِينَ ﴿٤٥﴾

**44,45**

مَن كَفَرَ = (സത്യധർമങ്ങൾ) നിഷേധിച്ചവൻ (ന്റെ) فَعَلَيْهِ = അവനെതിരായിത്തന്നെയാകുന്നു
كُفْرُهُۥ = അവന്റെ നിഷേധം وَمَنْ عَمِلَ صَالِحًا = സൽക്കർമങ്ങളനുഷ്ഠിക്കുന്നവർ(രോ)
فَلِأَنفُسِهِمْ = അവർക്കുവേണ്ടിത്തന്നെ يَمْهَدُونَ = (ശോഭന ഭവനം) ഒരുക്കിക്കൊണ്ടിരിക്കുകയാകുന്നു
لِيَجْزِيَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ مِن فَضْلِهِۦٓ = സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക്
അവൻ അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹത്താൽ (കർമഫലം അരുളുന്നതിനു വേണ്ടിയാകുന്നു ഈ നാൾ സംഭവിക്കുന്നത്)
إِنَّهُۥ لَا يُحِبُّ الْكَافِرِينَ = നിശ്ചയം, സത്യധർമങ്ങൾ നിഷേധിച്ച(ച്ചു വാണ)വരെ അവൻ (അല്ലാഹു) സ്നേഹിക്കുന്നില്ല

ഈ അന്ത്യനാൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് സത്യധർമങ്ങളിൽ വിശ്വസിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്ത സജ്ജനങ്ങൾക്ക് അല്ലാഹു അവന്റെ അനുഗ്രഹത്താൽ മഹത്തായ കർമഫലം നൽകുന്നതിനു വേണ്ടിയാകുന്നു. സജ്ജനങ്ങൾക്ക് അവരർഹിക്കുന്ന കർമഫലം ലഭിക്കുകയാണ് ഉയിർത്തെഴുന്നേൽപിന്റെ യഥാർഥ ലക്ഷ്യമെന്ന് ഈ വചനം സൂചിപ്പിക്കുന്നു. ദുഷ്ടജനം ശിക്ഷിക്കപ്പെടുക യഥാർഥ ലക്ഷ്യമല്ല. യഥാർഥ ലക്ഷ്യം നടപ്പിലാകുന്നതിന്റെ അനിവാര്യ ഫലമാണത്. مِن فَضْلِهِۦٓ - അവന്റെ ഔദാര്യത്താൽ- എന്ന വാക്ക് സൂചിപ്പിക്കുന്നത് സത്യവിശ്വാസികൾക്ക് ലഭിക്കുന്ന പ്രതിഫലം അവരുടെ കർമങ്ങൾ അളന്നു കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല; മറിച്ച് അല്ലാഹുവിന്റെ ഔദാര്യമായിട്ടു കൂടിയാണ് എന്നാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുമാകട്ടെ മാനുഷിക മാനദണ്ഡങ്ങൾ കൊണ്ടൊന്നും അളക്കാവുന്നതല്ല.

ഇവിടെ പരാമർശിക്കുന്ന കുഫ്റിൽ-നിഷേധത്തിൽ- അല്ലാഹുവിനെയും റസൂലിനെയും നിഷേധിക്കുന്നതിനപ്പുറം എല്ലാ നന്മകളുടെയും മനസ്സാ വാചാ കർമണാ ഉള്ള എല്ലാ നിഷേധവും ഉൾപ്പെടുന്നു. അതിന്റെ വിപരീതമായി സത്കർമം -عَمِلُوا الصَّالِحَاتِ- പരാമർശിച്ചതിൽനിന്ന് അത് വ്യക്തമാകുന്നു. ഒരുവൻ സത്യധർമങ്ങൾ നിഷേധിക്കുമ്പോൾ നിഷേധിക്കുന്നത് അല്ലാഹുവിനെയും റസൂലിനെയുമല്ല; യഥാർഥത്തിൽ നിഷേധിക്കുന്നത് സ്വന്തം ശുദ്ധ പ്രകൃതിയെയാകുന്നു. ആ നിഷേധത്തിന്റെ ഫലം അവനെതിരായിത്തന്നെയാണ് ഭവിക്കുക- അതുപോലെ സൽക്കർമമനുഷ്ഠിക്കുന്നത് അല്ലാഹുവിനോ റസൂലിനോ ചെയ്തുകൊടുക്കുന്ന സേവനവുമല്ല. തന്റെ ശുദ്ധപ്രകൃതിയുടെ താൽപര്യം പൂർത്തീകരിക്കുന്നതിലൂടെ തന്റെ നിത്യസൗഭാഗ്യത്തിന് കളമൊരുക്കുകയാണ്. مهد (വസനം, ശയ്യ, തൊട്ടിൽ)-ൽനിന്നുള്ള ക്രിയയാണ് يمهد. സൗഭാഗ്യകരമായ നിത്യവാസത്തിന് വീടൊരുക്കുക എന്നാണ് ഇവിടെ ഉദ്ദേശ്യം.

إِنَّهُۥ لَا يُحِبُّ الْكَافِرِينَ -അവൻ സത്യനിഷേധികളെ സ്നേഹിക്കുന്നില്ല- എന്ന വാക്യം നന്നേ ചെറുതും അതീവ ലളിതവുമാണ്. അതോടൊപ്പം സത്യനിഷേധികൾക്കു നേരെ അതുൾക്കൊള്ളുന്ന നീരസവും വെറുപ്പും അവർണനീയവുമാകുന്നു. ഉയിർത്തെഴുന്നേൽപ് സംഭവിക്കുന്നത്, സത്യധർമങ്ങൾ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തവർക്ക് നിത്യസൗഭാഗ്യം സമ്മാനിക്കപ്പെടുന്നതിനു വേണ്ടിയാണ് എന്നതിൽനിന്നുതന്നെ അവരുടെ മഹത്വവും ശ്രേഷ്ഠപദവിയും മനസ്സിലാക്കാവുന്നതാണ്. അഹ്‌ലുൽ കുഫ്റിന്റെ -എല്ലാതരം ധർമനിഷേധത്തിന്റെയും വക്താക്കളുടെ - കാര്യം അവരെ അല്ലാഹു ഒരിക്കലും സ്നേഹിക്കുകയില്ല എന്ന കൊച്ചു വാക്യത്തിൽ പറഞ്ഞവസാനിപ്പിച്ചിരിക്കുകയാണ്. അല്ലാഹു ഇഷ്ടപ്പെടാത്തവർ ഏതു മഹാനരകത്തിൽ ചെന്നു പതിക്കുന്നതും അവൻ ഒട്ടും സാരമാക്കുകയില്ല. ●

46. കാറ്റുകളെ സുവിശേഷകങ്ങളായി അയക്കുന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു; അവന്റെ കാരുണ്യത്താൽ നിങ്ങൾ ക്ഷേമമനുഭവിക്കാനും അവന്റെ അനുഗ്രഹങ്ങൾ തേടാനും അവനോട് നന്ദിയുള്ളവരാകാനും.

وَمِنْ آيَاتِهِۦٓ أَن يُرْسِلَ الرِّيَاحَ مُبَشِّرَاتٍ وَلِيُذِيقَكُم مِّن رَّحْمَتِهِۦ وَلِتَجْرِيَ الْفُلْكُ بِأَمْرِهِۦ وَلِتَبْتَغُوا مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿٤٦﴾

وَلَقَدْ أَرْسَلْنَا مِن قَبْلِكَ رُسُلًا إِلَىٰ قَوْمِهِمْ فَجَاءُوهُم بِالْبَيِّنَاتِ
فَانتَقَمْنَا مِنَ الَّذِينَ أَجْرَمُوا ۖ وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ
﴿٤٧﴾

47. നിനക്കുമുമ്പ് നിരവധി ദൈവദൂതന്മാരെ നാം അവരുടെ സമുദായങ്ങളിലേക്കയച്ചിട്ടുണ്ടായിരുന്നു. അവർ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി ആ സമുദായങ്ങളിൽ ചെന്നു. പിന്നെ ധർമധിക്കാരം ചെയ്തവരെ നാം തിരിച്ചടിച്ചു. സത്യധർമങ്ങൾ കൈക്കൊണ്ടവരെ സഹായിക്കുക നമ്മുടെ ഉത്തരവാദിത്തമായിരുന്നു.

اللَّهُ الَّذِي يُرْسِلُ الرِّيَاحَ فَتُثِيرُ سَحَابًا فَيَبْسُطُهُ فِي السَّمَاءِ
كَيْفَ يَشَاءُ وَيَجْعَلُهُ كِسَفًا فَتَرَى الْوَدْقَ يَخْرُجُ مِنْ خِلَالِهِ ۖ فَإِذَا
أَصَابَ بِهِ مَن يَشَاءُ مِنْ عِبَادِهِ إِذَا هُمْ يَسْتَبْشِرُونَ ﴿٤٨﴾

48. കാറ്റുകളെ അയക്കുന്നത് അല്ലാഹു തന്നെയാകുന്നു. അത് കാർമേഘങ്ങളെ ഇളക്കിവിടുകയും അവനിഛിക്കുംപടി മാനത്തു പരത്തി ഖണ്ഡങ്ങളാക്കി കീറുകയും ചെയ്യുന്നു. അപ്പോൾ അവക്കിടയിൽനിന്ന് മഴത്തുള്ളികൾ പൊഴിഞ്ഞുവീഴുന്നതു കാണാം. ഈ മഴ അവനിഛിക്കുന്ന അടിമകളിൽ വർഷിക്കുമ്പോൾ പെട്ടെന്ന് അവർ ആഹ്ലാദഭരിതരാകുന്നു.

وَإِن كَانُوا مِن قَبْلِ أَن يُنَزَّلَ عَلَيْهِم مِّن قَبْلِهِ لَمُبْلِسِينَ ﴿٤٩﴾

49. തീർച്ചയായും നേരത്തേ, ഈ മഴ പെയ്തിറക്കും മുമ്പ് അവർ തികച്ചും നിരാശരായിരുന്നു.

فَانظُرْ إِلَىٰ آثَارِ رَحْمَتِ اللَّهِ كَيْفَ يُحْيِي الْأَرْضَ بَعْدَ مَوْتِهَا ۚ
إِنَّ ذَٰلِكَ لَمُحْيِي الْمَوْتَىٰ ۖ وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٥٠﴾

50. ദൈവകാരുണ്യത്തിന്റെ സ്വാധീനം നോക്കുക; നിർജീവമായിക്കിടന്ന ഭൂമിയെ എങ്ങനെയാണവൻ സജീവമാക്കുന്നതെന്ന്. തീർച്ചയായും അവൻ മരിച്ചവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു. അവൻ സകല സംഗതികൾക്കും കഴിവുള്ളവനല്ലോ.

وَلَئِنْ أَرْسَلْنَا رِيحًا فَرَأَوْهُ مُصْفَرًّا لَّظَلُّوا مِن بَعْدِهِ يَكْفُرُونَ
﴿٥١﴾

51. നാം ഒരപായക്കാറ്റയക്കുകയും അതേറ്റ് അവരുടെ കൃഷി വിളർത്തുപോയതായി കാണുകയും ചെയ്തുവെങ്കിൽ അപ്പോഴവർ തികച്ചും നന്ദികെട്ടവർ തന്നെയാകുന്നു.

**46-51**

وَمِنْ آيَاتِهِ = അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു أَن يُرْسِلَ الرِّيَاحَ = കാറ്റുകളെ അയക്കുന്നത്

مُبَشِّرَاتٍ = സുവിശേഷകങ്ങളായിട്ട് وَلِيُذِيقَكُم = നിങ്ങളെ രുചിപ്പിക്കാനും (നിങ്ങൾ ക്ഷേമമനുഭവിക്കാനും)

مِّن رَّحْمَتِهِ = അവന്റെ കാരുണ്യത്താൽ وَلِتَجْرِيَ الْفُلْكُ بِأَمْرِهِ = അവന്റ ആജ്ഞാനുസാരം കപ്പലുകളോടാനും

وَلِتَبْتَغُوا مِن فَضْلِهِ = നിങ്ങൾ അവന്റെ അനുഗ്രഹത്തിൽനിന്ന് തേടാനും

وَلَعَلَّكُمْ تَشْكُرُونَ = നിങ്ങൾ (അവനോട്) നന്ദിയുള്ളവരാകാനും

وَلَقَدْ أَرْسَلْنَا مِن قَبْلِكَ رُسُلًا إِلَىٰ قَوْمِهِمْ = നിനക്കു മുമ്പ് നാം (നിരവധി) ദൂതന്മാരെ അവരുടെ സമുദായങ്ങളിലേക്ക് അയച്ചിട്ടുണ്ടായിരുന്നു

فَجَاءُوهُم = അവർ (ദൂതന്മാർ) അവരിൽ (ആ സമുദായങ്ങളിൽ ചെന്നു

بِالْبَيِّنَاتِ = (തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി) തെളിവുകളോടെ فَانتَقَمْنَا = പിന്നെ നാം പ്രതികാരം ചെയ്തു (തിരിച്ചടിച്ചു)

مِنَ الَّذِينَ أَجْرَمُوا = (ധർമധിക്കാരം ചെയ്തവരെ) കുറ്റവാളികളോട് وَكَانَ حَقًّا عَلَيْنَا = നമ്മുടെ ഉത്തരവാദിത്തമായിരുന്നു

نَصْرُ الْمُؤْمِنِينَ = സഹായിക്കുക (സത്യധർമങ്ങൾ കൈക്കൊണ്ടവരെ) വിശ്വാസികളെ

اللَّهُ الَّذِي يُرْسِلُ الرِّيَاحَ = ആകുന്നു (തന്നെ) അല്ലാഹു കാറ്റുകളെ അയക്കുന്നത് فَتُثِيرُ = (ടുകയും) അത് ഇളക്കിവിടുന്നു

سَحَابًا = മേഘങ്ങളെ (കാർ) فَيَبْسُطُهُ = എന്നിട്ട് അതിനെ പരത്തുന്നു فِي السَّمَاءِ = മാനത്ത്

كَيْفَ يَشَാءُ = അങ്ങനെ അവനിഛിക്കു(ം പടി)ന്നതെങ്ങനെയോ

وَيَجْعَلُهُ كِسَفًا = ചെയ്യുന്നു (കയും) അതിനെ ഖണ്ഡങ്ങളാക്കു(ക്കി കീറു) فَتَرَى الْوَدْقَ = അപ്പോൾ മഴത്തുള്ളിയെ നിനക്കു കാണാം

يَخْرُجُ مِنْ خِلَالِهِ = (പൊഴിഞ്ഞുവീഴുന്നത്) അത് അതിനിടയിൽനിന്ന് പുറപ്പെടുന്ന

فَإِذَا أَصَابَ بِهِ مَن يَشَاءُ مِنْ عِبَادِهِ = അത് അവന്റെ അടിമകളിൽനിന്ന് അവനിഛിക്കുന്നവർക്ക് കൊള്ളുമ്പോൾ

(ഈ മഴ അവനിഛിക്കുന്ന അടിമകളിൽ വർഷിക്കുമ്പോൾ)

**46-51**

إِذَا هُمْ يَسْتَبْشِرُونَ = പെട്ടെന്ന് അവരതാ ആഹ്ലാദഭരിതരാകുന്നു وَإِن كَانُوا= തീർച്ചയായും അവർ ആയിരുന്നു

مِن قَبْلِ أَن يُنَزَّلَ= (ഈ മഴ) അവരുടെ മേൽ പെയ്തിറക്കും മുമ്പ് مِّن قَبْلِهِ= അതിനു മുമ്പ്(നേരത്തേ)

لَمُبْلِسِينَ= അവർ തികച്ചും നിരാശരായിരുന്നു فَانظُرْ = നീ നോക്കുക, ആലോചിക്കുക

إِلَىٰ آثَارِ رَحْمَتِ اللَّهِ= അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടയാളങ്ങളിലേക്ക്, സ്വാധീനങ്ങളിലേക്ക്

كَيْفَ يُحْيِي الْأَرْضَ بَعْدَ مَوْتِهَا = എങ്ങനെയാണവൻ നിർജീവമായ ശേഷം (മായി കിടന്ന) ഭൂമിയെ സജീവമാക്കുന്നതെന്ന്

إِنَّ ذَٰلِكَ = തീർച്ചയായും അത് (അവൻ) لَمُحْيِي الْمَوْتَىٰ= മരിച്ചവരെ ജീവിപ്പിക്കുന്നവൻ തന്നെയാകുന്നു

وَهُوَ = അവൻ عَلَىٰ كُلِّ شَيْءٍ= സകല സംഗതികൾക്കും قَدِيرٌ = കഴിവുള്ളവൻ (അല്ലോ)

وَلَئِنْ أَرْسَلْنَا رِيحًا= നാം ഒരു (അപായ) കാറ്റ് അയ(ക്കുകയും)ച്ചുവെങ്കിൽ

فَرَأَوْهُ= അപ്പോൾ അവർ അതിനെ (കൃഷിയെ) കാണുകയും ചെയ്തു(വെങ്കിൽ)

مُصْفَرًّا= വിളർത്തുപോയതായിട്ട് لَّظَلُّوا= തീർച്ചയായും അവർ ആയി (ആകുന്നു)

مِن بَعْدِهِ= അതിനു ശേഷം(അപ്പോൾ) يَكْفُرُونَ= അവർ നന്ദികേട് കാണിക്കുന്നു (നന്ദികെട്ടവർ തന്നെയാകുന്നു)

അല്ലാഹുവിന്റെ സൃഷ്ടി വൈവഭവം അടയാളപ്പെടുത്തുന്നതും മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്ക് വീണ്ടും ശ്രദ്ധക്ഷണിക്കുകയാണീ സൂക്തങ്ങൾ. بِشَارة (സുവിശേഷം)-ൽനിന്നുള്ള കർതൃവചന രൂപങ്ങളിലൊന്നാണ് مُبَشِّر (സുവിശേഷകൻ). അതിന്റെ ബഹുവചന സ്ത്രീലിംഗമാണ് مُبَشِّرَاتٍ. 7:57-ലും 25:48-ലും وَهُوَ الَّذِي أَرْسَلَ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ - 'തന്റെ അനുഗ്രഹത്തിനു മുന്നാലെ ശുഭസൂചകമായി കാറ്റുകളെ അയക്കുന്നതും അവൻ തന്നെ' എന്ന് പ്രസ്താവിച്ചിട്ടുള്ളതിനു സമാനമാണ് مُبَشِّرَاتٍ وَلِيُذِيقَكُم مِّن رَّحْمَتِهِ എന്നു പറയുന്നത്. ആശയം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ വ്യക്തമാക്കിയിരിക്കുന്നു. അവിടെ മഴയുമായെത്തുന്ന കാറ്റുകളെയാണ് പരാമർശിച്ചത്. ഇവിടെ മഴയുടെ അകമ്പടിയില്ലാതെ അടിച്ചുവീശുന്ന കാറ്റുകളും അനുഗൃഹീതമായ ദൃഷ്ടാന്തങ്ങളാണെന്ന് പ്രസ്താവിച്ചിരിക്കുന്നു. പണ്ടുകാലത്ത് സമുദ്രങ്ങൾ മുറിച്ചുകടക്കാനും വൻതോതിൽ ചരക്കുകൾ കൊണ്ടുപോകാനും ഉപയോഗിച്ച പായ്ക്കപ്പലുകൾ സഞ്ചരിച്ചിരുന്നത് കാറ്റിന്റെ സഹായത്താലാണല്ലോ. 42:33-ൽ إِن يَشَأْ يُسْكِنِ الرِّيحَ فَيَظْلَلْنَ رَوَاكِدَ عَلَىٰ ظَهْرِهِ (അവനു വേണമെങ്കിൽ കാറ്റിനെ പിടിച്ചുനിർത്താം. എങ്കിൽ സമുദ്രോപരിതലത്തിൽ കപ്പലുകൾ നിശ്ചലമായി ഉറച്ചുനിൽക്കുമായിരുന്നു) എന്നു പറയുന്നുണ്ട്. സത്യവിശ്വാസികൾക്ക് സ്ഥൈര്യം പകരാൻ കൂടിയാണ് ഇതിവിടെ അനുസ്മരിക്കുന്നത്, നോക്കുക, നിശ്ചലമായ അന്തരീക്ഷത്തിൽ അവൻ വായുവിനെ ചലനം കൊള്ളിക്കുന്നു. അവ കുളിരിന്റെയും ജലവർഷത്തിന്റെയും സുവിശേഷവുമായി മനുഷ്യരിലെത്തുന്നു. അങ്ങനെ അവരുടെ കൃഷിയിടങ്ങൾ സജീവമാവുകയും വിളവുകളുൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു തരം കാറ്റുകൾ നിങ്ങളുടെ യാന പാത്രങ്ങളെ ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്ക് നയിക്കുന്നു. അതു വഴിയും നിങ്ങൾ ദൈവാനുഗ്രഹങ്ങൾ തേടിപ്പിടിക്കുന്നു. അതുപോലെ ഇന്ന് ഏറ്റം പ്രതികൂലവും കഠിനതരവുമായി കാണപ്പെടുന്ന സാഹചര്യങ്ങളിൽനിന്നുതന്നെ നാളെ അനുകൂല സാഹചര്യങ്ങൾ ഉയർന്നുവരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് മുന്നോട്ടുപോവുക.

ഈ കാറ്റുകൾ അയക്കുന്നത് അല്ലാഹുവാണ്. അവന്റെ കഴിവിന്റെയും കാരുണ്യത്തിന്റെയും അടയാളമാണത്. കാറ്റുകൾ മഴമേഘങ്ങളെ ഇളക്കിവിടുന്നതും അവയെ താൻ ഇഛിക്കുംപടി മാനത്തു ഖണ്ഡങ്ങളാക്കി പരത്തുന്നതും അവൻ തന്നെ. തുടർന്ന് അവക്കിടയിൽനിന്ന് മഴത്തുള്ളികൾ പൊഴിയുന്നതു കാണാം. അവന്റെ അടിമകളിൽ അവനുദ്ദേശിക്കുന്നവർക്ക് അതിന്റെ ഗുണം ലഭിക്കുമ്പോൾ പെട്ടെന്നവർ സന്തുഷ്ടരാകുന്നു. തീർച്ചയായും ഈ മഴ പെയ്തിറങ്ങുന്നതിനു കുറച്ചു മുമ്പുവരെ ആളുകൾ അതിന്റെ ആഗമനത്തിൽ നിരാശരായിരുന്നു. മഴ ചതിച്ചുകളഞ്ഞുവെന്ന് കർഷകർ വ്യഥിതരായി പരിതപിക്കുമ്പോഴായിരിക്കും സുവിശേഷവുമായി മഴക്കാറ്റെത്തുന്നത്. مِن قَبْلِ أَن يُنَزَّلَ - അത് പെയ്തിറക്കുന്നതിനുമുമ്പ്- എന്നതിനു ശേഷം مِّن قَبْلِهِ -അതിനുമുമ്പ്- ആവർത്തിച്ചിരിക്കുന്നു. ഇത് ആദ്യത്തേതിന്റെ ആശയത്തെ ഉറപ്പിക്കുന്നതിന് (تأكيد) വേണ്ടിയാണെന്ന് പൊതുവിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. മനുഷ്യമനസ്സ് സന്താപത്തിൽനിന്ന് സന്തോഷത്തിലേക്ക് മാറുന്നത് എത്ര പെട്ടെന്നാണെന്ന് ഈ ആവർത്തനം സൂചിപ്പിക്കുന്നുവെന്ന് ഇബ്നു അത്വിയ്യ പറയുന്നു. ഇമാം സമഖ്ശരി വ്യാഖ്യാനിച്ചതിങ്ങനെ: മഴയുടെ ആഗമനം വൈകുന്നതിൽ ഏറെ നാളായി അവർ വേവലാതിപ്പെടുകയായിരുന്നു. ഈ വൈകലിനെയും വേവലാതിയെയുമാണ് مِّن قَبْلِهِ എന്ന ആവർത്തനം ഊന്നുന്നത്. എന്നാൽ ഇത് ആവർത്തനമാണെന്നു തോന്നുമെങ്കിലും യഥാർഥത്തിൽ ആവർത്തനമല്ലെന്നും രണ്ടു 'മുമ്പു'കളും രണ്ടു വ്യത്യസ്ത കാര്യങ്ങളുടെ പൂർവാവസ്ഥയെയാണ് സൂചിപ്പിക്കുന്നതെന്നുമാണ് മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹിയുടെ വ്യാഖ്യാനം. അതായത് മഴ പെയ്യുന്നതിനു മുമ്പ് അതിന്റെ ആഗമനത്തിലുണ്ടായിരുന്ന നിരാശയും കാറ്റ് സുവിശേഷവുമായെത്തുന്നതിനു മുമ്പ് ഐശ്വര്യത്തെക്കുറിച്ചുണ്ടായിരുന്ന നിരാശയും.

ഇതേ കാറ്റിനെ അല്ലാഹുവിന് വേണമെങ്കിൽ വിനാശകാരിയായ തീക്കാറ്റോ ശീതക്കാറ്റോ ആയും അയക്കാവുന്നതാണ്. അത്തരം കാറ്റ് സൃഷ്ടിക്കുന്ന അത്യുഷ്ണമോ അതി

ശൈത്യമോ ബാധിച്ച് വിളകൾ വാടി വിളർത്തുപോവുകയോ മരവിച്ചു നശിക്കുകയോ ചെയ്യാം. അങ്ങനെ സംഭവിച്ചാൽ, സുവിശേഷദായകമായ കാറ്റിന്റെ ആഗമനത്തിൽ സന്തുഷ്ടരായവർ തന്നെ ഈ കാറ്റിന്റെ പേരിൽ അല്ലാഹുവിനോട് നന്ദികെട്ടവരും നിരാശരുമായിത്തീരുന്നു. വാസ്തവത്തിൽ അവർ ചെയ്യേണ്ടിയിരുന്നത് നേരത്തേ കാർമേഘങ്ങളുമായി എത്തിയ കാറ്റിനെ അയച്ച അതേ അല്ലാഹുവാണ് ഈ ആപത്കരമായ കാറ്റിനെയും അയച്ചതെന്ന്, അല്ലെങ്കിൽ മനുഷ്യൻ ചെയ്തുകൂട്ടിയ ഏതോ ദുഷ്ചെയ്തികളുടെ ഫലമായുളവായ വിപത്താണിതെന്ന് സമാധാനിച്ച് ക്ഷമയോടെ സ്വീകരിക്കുകയായിരുന്നു. ഗുണമുണ്ടാകുമ്പോൾ പെട്ടെന്ന് നിലവിട്ടാഹ്ലാദിക്കുകയും ദോഷമുണ്ടായാൽ ഉടനെ നന്ദികെട്ട് നിരാശരായി ദൈവത്തെ പഴിക്കുകയും ചെയ്യുന്ന ക്ഷമയില്ലാത്ത ചപല സ്വഭാവമുള്ള ആളുകളിൽനിന്ന് നന്മ പ്രതീക്ഷിക്കേണ്ടതില്ല. അനുഗ്രഹങ്ങളുണ്ടാകുമ്പോൾ ദൈവത്തോട് കൃതജ്ഞരാവുകയും ദോഷങ്ങളുണ്ടാകുമ്പോൾ അവന്റെ വിധിയെ ക്ഷമയോടെ നേരിടുകയും ചെയ്യുന്ന ഹൃദയങ്ങളിലേ പ്രകൃതിധർമത്തിന്റെ -دين الفطرة- പ്രബോധനം സ്വീകരിക്കപ്പെടൂ.

رياح -ന്റെ ഏകവചനമാണ് ريح. എങ്കിലും ഖുർആൻ رياح എന്ന ബഹുവചനം ഉപയോഗിക്കാറുള്ളത് മനുഷ്യരുടെ സൗഭാഗ്യത്തിനും സന്തോഷത്തിനും നിമിത്തമാകുന്ന കാറ്റിനെ കുറിക്കാനാണ്. അപകടങ്ങൾക്കും ദുഃഖങ്ങൾക്കും ഇടയാക്കുന്ന കാറ്റിനെ ريح എന്ന് ഏകവചനത്തിലാണ് പറയാറുള്ളത്. فَرَأَوْهُ എന്നതിലെ هُ (അതിനെ) എന്ന സർവനാമം സൂചിപ്പിക്കുന്നത് ഭൂമിയിലെ കാർഷിക വിളകളെയാണെന്ന് തൊട്ടുമുമ്പ് പറഞ്ഞ يُحْيِي الْأَرْضَ بَعْدَ مَوْتِهَا എന്ന വാക്യത്തിൽ നിന്ന് വ്യക്തമാകുന്നു.

പ്രാപഞ്ചിക പ്രതിഭാസങ്ങളിലൂടെ പ്രകടമാകുന്ന ദൈവാനുഗ്രഹങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്ന് ചിന്തിച്ചുനോക്കുക. മൂലത്തിലെ آثَارِ -ന് അടയാളങ്ങൾ, അവശിഷ്ടങ്ങൾ എന്നും സ്വാധീനങ്ങൾ എന്നും അർഥമുണ്ട്. അടയാളങ്ങൾ എന്ന അർഥത്തിലെടുക്കുമ്പോൾ പ്രതിഭാസങ്ങളിൽ പ്രകടമാകുന്ന ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങളെക്കുറിച്ച് ആലോചിച്ചു നോക്കുക എന്നാകും അർഥം. രണ്ടിന്റെയും സാരാംശം ഒന്നുതന്നെയാണ്.

മൃതമായിക്കിടക്കുന്ന മണ്ണിനെ മഴയാൽ സജീവമാക്കുന്ന കാര്യം നേരത്തേ പലവട്ടം പരാമർശിച്ചിട്ടുള്ളതാണ്. എല്ലാ മനുഷ്യരും കാണുകയും അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദൃഷ്ടാന്തമാണത്. പ്രാപഞ്ചിക പ്രതിഭാസങ്ങളെ ഈവിധം മനുഷ്യജീവിതത്തിന്റെ താൽപര്യങ്ങൾക്കനുഗുണമായി സംവിധാനിച്ചിരിക്കുന്നത്, മനുഷ്യൻ അവ പ്രയോജനപ്പെടുത്തി ഭൗതിക ജീവിതം സുഗമമാക്കുന്നതിനുവേണ്ടി മാത്രമല്ല; ഇതെല്ലാം സംവിധാനിച്ചുതന്ന അല്ലാഹുവിനോട് നന്ദിയുള്ളവരാവാൻ വേണ്ടി കൂടിയാണ്. ഇതാണ് وَلَعَلَّكُمْ تَشْكُرُونَ എന്ന വാക്യത്തിന്റെ താൽപര്യം. ഇവിടെ അതിനെ മരണാനന്തര ജീവിതത്തിന്റെ തെളിവായി കൂടി ഉന്നയിച്ചിരിക്കുകയാണ്. വരണ്ടുണങ്ങി മൃതമായിക്കിടന്ന മണ്ണിനെ മഴയാൽ സജീവമാക്കുകയും മരിച്ചുകിടന്ന സസ്യബീജങ്ങളെ പുനരുജ്ജീവിപ്പിച്ച് പുതിയ സസ്യങ്ങളായി വളർത്തുകയും ചെയ്യുന്ന ആ മഹാശക്തി തീർച്ചയായും മരിച്ച മനുഷ്യരെ പുനരുജ്ജീവിപ്പിക്കാൻ കഴിവുള്ളവനാണ്. എന്തിനും കഴിവുള്ളവനാണ് അല്ലാഹു. പരലോകവും ഉയിർത്തെഴുന്നേൽപും വെറും പാഴ്ക്കിനാവുകളാണെന്ന ദൈവധിക്കാരികളുടെ വിടുവായത്തം വിശ്വാസികൾ കാര്യമായി ഗൗനിക്കേണ്ടതില്ല. ഖുർആൻ പരലോകം സ്ഥാപിക്കുന്നത് അനിഷേധ്യമായ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. നിഷേധിക്കുന്നവർക്കാകട്ടെ ഒരു തെളിവുമില്ല. തങ്ങളുടെ ഇന്ദ്രിയങ്ങൾക്ക് വിധേയമാകുന്നില്ല എന്നതു മാത്രമാണവരുടെ ന്യായം. ഒരു കാര്യത്തെ സംബന്ധിച്ച അജ്ഞത ഒരിക്കലും അതില്ല എന്നതിനു തെളിവാകുന്നില്ല. ആളുകളെ നിത്യനരകം ഭയപ്പെടുത്തി വശത്താക്കാനുള്ള ഒരു തന്ത്രമാണ് പരലോക വിശ്വാസം എന്നാണവരുടെ വിചാരം. എന്നാൽ ഉയിർത്തെഴുന്നേൽപ് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ താൽപര്യമാണെന്നും അതിന്റെ യഥാർഥ ലക്ഷ്യം സത്യധർമങ്ങൾ അനുസരിച്ച് ഭൗതികജീവിതം നയിച്ചവർക്ക് അർഹിക്കുന്ന കർമഫലം നൽകുകയാണെന്നും ഖുർആൻ പലമട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. 6:12-ൽ പറയുന്നു: كَتَبَ عَلَىٰ نَفْسِهِ الرَّحْمَةَ لَيَجْمَعَنَّكُمْ إِلَىٰ يَوْمِ الْقِيَامَةِ لَا رَيْبَ فِيهِ - 'അവൻ കാരുണ്യത്തെ തന്റെ സത്തയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉയിർത്തെഴുന്നേൽപു നാളിൽ നിങ്ങളെയൊക്കെയും അവൻ ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും. അതിൽ സംശയമേതുമില്ല.' വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

ദൃഷ്ടാന്തങ്ങളും അവയുടെ താൽപര്യങ്ങളും പറയുന്ന സന്ദർഭത്തിൽ വന്ന ഒരു ഇടവാചകമാണ് .....وَلَئِنْ أَرْسَلْنَا എന്ന് തുടങ്ങുന്ന സൂക്തം. മുകളിൽ പ്രസ്താവിച്ചതും താഴെ പ്രസ്താവിക്കുന്നതുമായ കാര്യങ്ങൾക്കുള്ള ചരിത്രപരമായ സാക്ഷ്യത്തിലേക്ക് വിരൽചൂണ്ടുന്നതോടൊപ്പം സാന്ദർഭികമായ ഒരാശയവും ഇതുൾക്കൊള്ളുന്നു. സുവിശേഷമായി അയക്കുന്ന കാറ്റിനെത്തന്നെ ചിലപ്പോൾ നാശകാരിയായും അയക്കുമെന്നു പറഞ്ഞുവല്ലോ. കാറ്റിനെ മാത്രമല്ല, മഴയെയും നാശകാരിയായി അയച്ചതിന്റെ ഉദാഹരണമാണ് നൂഹ് ജനതയുടെ ചരിത്രം. അതിഘോരമായ കൊടുങ്കാറ്റിനാലാണ് ആദ് സമുദായം നശിച്ചതെന്ന് 69:6-ൽ പ്രസ്താവിച്ചിരിക്കുന്നു. സമുദായങ്ങൾ ഈ വിധം ഒന്നടങ്കം ഉന്മൂലനം ചെയ്യപ്പെട്ടത് അവർ വീണ്ടെടുക്കപ്പെടാനാവാത്തവണ്ണം അക്രമികളും അധർമികളുമായതുകൊണ്ടാണ്. വിനാശം വരുന്നതിനു മുമ്പ് അവരെ വീണ്ടെടുക്കാൻ ദൈവം ദൂതന്മാരെ അയച്ചിട്ടുണ്ടായിരുന്നു. അവർ സത്യത്തിന്റെ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ജനതകളെ പ്രബോധനം ചെയ്തു. ഇവിടെ ദൃഷ്ടാന്തങ്ങൾ - بَيِّنَات എന്നു പറഞ്ഞതിൽ പ്രവാചകന്മാരുടെ പ്രവാചകത്വം തെളിയിക്കുന്ന ദിവ്യാത്ഭുതപ്രകടനവും അവർ പ്രബോധനം ചെയ്ത ദൈവികപ്രമാണങ്ങളും അവരുടെ മാതൃകാപരമായ വിശുദ്ധ ജീവിതചര്യയും ഉൾപ്പെടുന്നു. പക്ഷേ അസത്യത്തിലും അധർമത്തിലും മതിമറന്ന ജനതകൾ അതൊന്നും അംഗീകരിക്കാനോ അനുസരിക്കാനോ തയാറാവാതെ ദൈവദൂതന്മാരെ ദ്രോഹിക്കുകയായിരുന്നു. അപ്പോൾ അല്ലാഹു അവരെ തിരിച്ചടിച്ചു. അക്കൂട്ടത്തിലുണ്ടായിരുന്ന സത്യവിശ്വാസികളെ രക്ഷിക്കുകയും ചെയ്തു. ആ വിശ്വാസികളെ രക്ഷിക്കേണ്ടത് അല്ലാഹുവിന്റെ ഉത്തരവാദിത്തമായിരുന്നു.

ഈ സന്ദർഭത്തിൽ ഇക്കാര്യം അനുസ്മരിക്കുന്നതിന്റെ മറ്റൊരു താൽപര്യം പ്രവാചകനെ ഇപ്രകാരം ആശ്വസിപ്പി

ക്കുകയാണ്: താങ്കൾ ഈ ലോകത്ത് ആഗതനാകുന്ന ആദ്യപ്രവാചകനല്ല. താങ്കൾക്കു മുമ്പ് ഏറെ പ്രവാചകന്മാർ ആഗതരായിട്ടുണ്ട്. അവരൊക്കെയും തങ്ങളുടെ സമുദായങ്ങളിൽ ചെന്നത് താങ്കളെപ്പോലെ വ്യക്തമായ തെളിവുകളുമായിട്ടായിരുന്നു. അല്ലാഹു ആ പ്രവാചകന്മാരോടും അവരുടെ സമുദായങ്ങളോടും സ്വീകരിച്ച നടപടിക്രമം -سنة- തന്നെയാണ് താങ്കളോടും താങ്കളുടെ സമുദായത്തോടും സ്വീകരിക്കുക.

وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ എന്ന വാക്യം രണ്ടു തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികളെ സത്യനിഷേധികളുടെ അതിക്രമം നേരിടുന്നതിൽ സഹായിക്കുകയും രക്ഷിക്കുകയും ചെയ്യുക അല്ലാഹുവിന്റെ ബാധ്യതയാകുന്നു എന്നാണൊന്ന്. ഈ ലോകത്തും പരലോകത്തും അവർക്ക് സഹായം ലഭിക്കുക തന്നെ ചെയ്യും. 21:104-ൽ وَعْدًا عَلَيْنَا إِنَّا كُنَّا فَاعِلِينَ – 'അതു നാം പൂർത്തീകരിക്കേണ്ട വാഗ്ദാനമാകുന്നു. തീർച്ചയായും നാം അതു പൂർത്തീകരിക്കുക തന്നെ ചെയ്യും' എന്ന് പ്രസ്താവിച്ചിട്ടുള്ളതിന് സമാനമാണിത്. وَكَانَ حَقًّا എന്നത് ഒരു വാക്യവും عَلَيْنَا نَصْرُ الْمُؤْمِنِينَ എന്നത് മറ്റൊരു വാക്യവുമായിട്ടാണ് ചില പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത്. الانتقام من المجرمين – 'കുറ്റവാളികളെ ശിക്ഷിക്കുക തികഞ്ഞ നീതിയായിരുന്നു' എന്നാണ് ആദ്യവാക്യത്തിന്റെ അർഥം. നമുക്ക് വിശ്വാസികളെ സഹായിക്കേണ്ടതുണ്ട് എന്നാണ് രണ്ടാമത്തെ വാക്യത്തിന്റെ അർഥം. ഈ സഹായം ബാധ്യതയല്ല, ഔദാര്യമാണ്. അല്ലാഹുവിൽ ബാധ്യത ആരോപിക്കുന്ന മുഅ്തസിലീ സിദ്ധാന്തത്തിൽനിന്നു രക്ഷപ്പെടാൻ അവലംബിച്ച ഈ വ്യാഖ്യാനം ബാലിശമാണെന്ന് ഇബ്നു അത്വിയ്യയും അബൂഹാതിമും പ്രസ്താവിക്കുന്നു. ●

Matrimonial

ദീനീനിഷ്ഠയുള്ള യുവതി (22/158 cm). B.Tech (Civil). ഇടത്തരം കുടുംബം. കോഴിക്കോട് ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**9847910355**

Matrimonial

ശാന്തപുരം കോഴ്സ് കഴിഞ്ഞ ജി.ഐ.ഒ പ്രവർത്തക (22/5'5"). പ്രസ്ഥാന കുടുംബം. ഇപ്പോൾ പി.ജി ചെയ്യുന്നു. വിവാഹ മോചിത(മഹ്ർ തിരിച്ചു നൽകിയത്). മലപ്പുറം ജില്ല. പ്രസ്ഥാന കുടുംബത്തിലെ അനുയോജ്യരായ യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9446766497**

Matrimonial

പ്രസ്ഥാന പ്രവർത്തകരുടെ മകൻ (29/168 cm). M.Com. അക്കൗണ്ടന്റ്. മലപ്പുറം ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**8136987855**